**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2477** **02-08-2021 - ൽ മറുപടിയ്ക്ക്**

**താമരക്കുളം വയ്യാങ്കരച്ചിറ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര നിയോജകമണ്ഡലത്തിലെ താമരക്കുളം വയ്യാങ്കരച്ചിറ ടൂറിസം പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ആലപ്പുഴ മെഗാ സർക്യൂട്ട് പദ്ധതിയുടെ ഭാഗമായ മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്തിലെ വയ്യാങ്കരച്ചിറ ടൂറിസം പദ്ധതി M/s കിറ്റ്കോ ലിമിറ്റഡ് മുഖേന നടപ്പാക്കിയിട്ടുള്ളതാണ്. ടോയ്-ലെറ്റ് ബ്ലോക്ക് , റെയിൻ ഷെൽട്ടർ, വാക് വേ & പേവ്ഡ് കോർട്ട് , ബോർഡ് വാക് & വ്യൂ പോയിന്റ്, ബോട്ട് ജെട്ടി, ലാന്റ് സ്കേപ്പിങ്, യാർഡ് ലൈറ്റിങ് എന്നിവയാണ് പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ചത്. പദ്ധതിക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഉടമസ്ഥ സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി, സമീപമുള്ള ഇരപ്പൻപാറ പദ്ധതിയുമായി ബന്ധപ്പെടുത്തി വികസിപ്പിക്കുന്നതിനും ജില്ലാടൂറിസം പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ